(സി) അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; അഴിമതി നടത്തിയിട്ടുള്ള ഇപ്പോഴത്തെ ഭരണസമിതിയെ പിരിച്ചുവിടുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(ഇ) നിലവിലുള്ള ഭരണസമിതി രൂപീകരിക്കപ്പെട്ടിട്ടുള്ളത് എപ്രകാരമാണ്;

(എഫ്) ഭരണസമിതിക്ക് ദേവസ്വം ബോർഡിന്റെ അംഗീകാരം ഉണ്ടോ;

(ജി) ഇല്ലെങ്കിൽ ഇപ്പോഴുള്ള ഭരണസമിതിയെ പിരിച്ചുവിടുന്നതിനും പകരം ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ ക്ഷേത്രഭരണം നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊച്ചിൻ ദേവസ്വം ബോർഡ് മുഖേന അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്.

(സി, ഡി) ഇല്ല. അന്വേഷണ റിപ്പോർട്ട് ലഭിക്കാതെ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവില്ല.

(ഇ) പാരമ്പര്യ ട്രസ്റ്റിമാരുടെ പ്രതിനിധികളും ഭക്തജനങ്ങളുടെ പ്രതിനിധികളും അടങ്ങുന്ന ഒരു രജിസ്ട്രേഡ് ട്രസ്റ്റാണ് ഭരണം നടത്തുന്നത്.

(എഫ്) ഉണ്ട്.

(ജി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ലെന്ന് കൊച്ചിൻ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

കാർഷിക മേഖലയിലെ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ നൽകിയ സഹായം

57 [3346] ശ്രീ. എ. കെ. ബാലൻ:
,, പിരപ്പൻകോട് മുരളി:
,, കെ.വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ സംസ്ഥാന ഗവൺമെന്റിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(ബി) കേന്ദ്രത്തിൽ നിന്നും ലഭിച്ച ധനസഹായം ഏതെല്ലാം മേഖലയിലാണ് ഉപയോഗിച്ചിരിക്കുന്നത്;

(സി) ഓരോ മേഖലയിലും എത്ര കോടി രൂപാവീതം വിനിയോഗിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2003-2004 സാമ്പത്തിക വർഷം നാളിതുവരെ 38.0488 കോടി രൂപ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് അനുവദിച്ചിട്ടുണ്ട്.

(ബി, സി) 2003-2004 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള തുക താഴെ പറയുംവിധം വിനിയോഗിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്:

മേഖല	തുക (ലക്ഷത്തിൽ)
നെൽകൃഷി	720.61
തെങ്ങുകൃഷി	886.88
എണ്ണക്കുരുക്കൾ	15.00
പയറുവർഗ്ഗങ്ങൾ	3.00
നാണ്യവിളകൾ	
കുരുമുളക്, ഇഞ്ചി, മഞ്ഞൾ വാനില മുതലായവ	427.50
തോട്ടവിള (കശുമാവ്)	225.00
ഫലം, പച്ചക്കറി	180.00
പൂകൃഷി	157.275
ഔഷധ സസ്യം	9.00
ചെറുകിട തോട്ടങ്ങളുടെ യന്ത്രവൽക്കരണം	45.00
നീർമറി വികസനം	360.00
ബയോടെക്നോളജി ഇൻഫർമേഷൻ ടെക്നോളജി	85.50
മറ്റു കാർഷിക മേഖലകൾ	
(കൃഷിയിൽ വനിതകളുടെ പങ്ക്, കാർഷിക വിപണനം, മണ്ണ്-ചെടി സംരക്ഷണ ക്ലിനിക്ക്, കബനി നദീതട വികസനം, ലാന്റ് യൂസ് ബോർഡ് കോ-ഓപ്പറേറ്റീവ് വകുപ്പ്)	690.115
ആകെ	3804.88

LIBRARY ARCHIVES Kerala Legislative Assembly